# ജനാബത്ത് കുളി

*മുഹമ്മദ് മുസ്തഫാ അൽ ജിബാലി*
*വിവർത്തനം: മുഹമ്മദ് സിയാദ്, പി. എസ്. നാസർ*

## *ജനാബത്ത്* എന്നതിൻെറ നിർവചനം

ലൈംഗിക വേഴ്ചക്ക് ശേഷം, ഒരാൾ *ജനാബത്തി*ൻെറ അവസ്ഥയിലാകും. *ജനാബത്തി*ൻെറ അവസ്ഥയിലുള്ളവനെ *ജുനുബ്* എന്ന് പറയും. *ജുനുബാ*യിട്ടുള്ളവൻ ശുദ്ധിയാകുന്നത് വരെ നമസ്കരിക്കരുത്. അല്ലാഹു പറയുന്നു:

وَإِن كُنتُمْ جُنُبًا فَٱطَّهَّرُوا۟

നിങ്ങൾ ജനാബത്ത് (വലിയ അശുദ്ധി) ബാധിച്ചവരായാൽ നിങ്ങൾ (കുളിച്ച്) ശുദ്ധിയാകുക. (സൂറ. മാഇദ: 6)

*ജനാബത്ത്* എന്നതിൻെറ എതിരായിട്ടുള്ള അവസ്ഥയാണ് *ത്വഹാറത്ത്*.

## ജനാബത്താകാനുള്ള കാരണങ്ങൾ

### ലൈംഗിക വേഴ്ച

"സമ്പൂർണ്ണ" ലൈംഗിക വേഴ്ചക്ക് ശേഷം, പുരുഷനും സ്ത്രീയും *ജുനുബ്* ആകും. അവരുടെ മേൽ കുളി നിർബന്ധമാണ്.

അബൂ ഹുറയ്റ (﵁) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

«إذا جلس بين شعبها الأربع ثم جهدها فقد وجب الغسل، وإن لم ينزل.»

"(ഒരു പുരുഷൻ) സ്ത്രീയുടെ നാല് അവയവങ്ങളിൻമേൽ ഇരിക്കുകയും, ശേഷം അവളിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്താൽ, സ്ഖലനമുണ്ടായിട്ടില്ലെങ്കിലും കുളി നിർബന്ധമാണ്."[1]

പുരുഷൻെറയും സ്ത്രീയുടെയും ജനനേന്ദ്രിയങ്ങൾ തമ്മിൽ സ്പർശിക്കുന്നതിനെയാണ് "സമ്പൂർണ്ണ" ലൈംഗിക വേഴ്ചയെന്ന് പറയുന്നത്.

അബ്ദുല്ലാഹിബ്നു റബാഹ് (﵁) നിവേദനം: അദ്ദേഹം ആഇശയ(﵂)യുടെ അടുക്കലേക്ക് ചെന്നു കൊണ്ട് പറഞ്ഞു, "ഒരു കാര്യത്തെ കുറിച്ച് എനിക്ക് ചോദിക്കാനുണ്ട്, എന്നാൽ എനിക്കതിന് മടി തോന്നുന്നു." അവർ പറഞ്ഞു, "നീ ഉദ്ദേശിക്കുന്നത് ചോദിച്ചു കൊള്ളുക, കാരണം ഞാൻ നിൻെറ മാതാവ് മാത്രമാണ്." അദ്ദേഹം ചോദിച്ചു, "വിശ്വാസികളുടെ മാതാവേ! ഏത് പ്രവൃത്തി കൊണ്ടാണ് കുളി നിർബന്ധമാകുക?" റസൂൽ(ﷺ) പറഞ്ഞതായി ആഇശ(﵂) പറഞ്ഞു:

«إذا التقى الختانان وجب الغسل.»

---

[1] *ബുഖാരി, മുസ്ലിം.*

“രണ്ട് ജനനേന്ദ്രിയങ്ങൾ തമ്മിൽ കണ്ടുമുട്ടിയാൽ കുളി നിർബന്ധമായി.”[2]

കൂടാതെ, അബൂ മൂസൽ അശ്അരി(ﷺ) നിവേദനം: ഒരിക്കൽ മുഹാജിറുകളിൽ പെട്ട ഒരു വിഭാഗവും അൻസാരികളായ മറ്റൊരു വിഭാഗവും തമ്മിൽ കുളിയുടെ വിഷയത്തിൽ തർക്കമായി. അൻസാരികൾ പറഞ്ഞു, “സ്ഖലനമുണ്ടായാൽ മാത്രമേ കുളി ആവശ്യമുള്ളൂ.” മുഹാജിറുകൾ പറഞ്ഞു, “അതല്ല, വേഴ്ച നടന്നാൽ തന്നെ കുളി നിർബന്ധമാണ്.” അബൂ മൂസ(ﷺ) അവരോട് പറഞ്ഞു, “ശരിയായ ഉത്തരം ഞാൻ നിങ്ങൾക്ക് കൊണ്ടു വരാം.” അങ്ങനെ അദ്ദേഹം പോയി ആഇശ(ﷺ)യുമായി സംസാരിക്കാനുള്ള അനുമതി തേടി. അനുമതി ലഭിച്ചപ്പോൾ, അദ്ദേഹം പറഞ്ഞു, “വിശ്വാസികളുടെ മാതാവേ! ഒരു കാര്യത്തെ കുറിച്ച് എനിക്ക് ചോദിക്കാനുണ്ട്, എന്നാൽ എനിക്കതിന് മടി തോന്നുന്നു.” അവർ പറഞ്ഞു, “നിനക്ക് ജൻമം നൽകിയ നിൻെറ മാതാവിനോട് ചോദിക്കുന്ന ഏത് കാര്യത്തെ കുറിച്ചും എന്നോട് ചോദിക്കാൻ മടിക്കേണ്ടതില്ല. കാരണം ഞാൻ നിൻെറ മാതാവ് മാത്രമാണ്.” അദ്ദേഹം ചോദിച്ചു, “ഏത് പ്രവൃത്തി കൊണ്ടാണ് കുളി നിർബന്ധമാകുക?” അവർ പറഞ്ഞു, “ഈ വിഷയത്തിലുള്ള വിദഗ്ധയുടെ അടുക്കലേക്കാണ് നീ വന്നത്.” ശേഷം, നബി(ﷺ) പറഞ്ഞതായി ആഇശ(ﷺ) പറഞ്ഞു:

«إذا جَلَسَ بينَ شُعَبِها الأربَعِ، ومس الخِتانُ الخِتانَ، فَقَد وَجَبَ الغُسْلُ.»

“(ഒരു പുരുഷൻ) സ്ത്രീയുടെ നാല് അവയവങ്ങളിൻമേൽ ഇരിക്കുകയും, രണ്ട് ജനനേന്ദ്രിയങ്ങൾ തമ്മിൽ സ്പർശിക്കുകയും ചെയ്താൽ, കുളി നിർബന്ധമായി.”[3]

മറ്റൊരു റിപ്പോർട്ടിൽ, “സമ്പൂർണ്ണ” വേഴ്ച എന്നതിന് കൂടുതൽ സ്പഷ്ടമായ ഒരു നിർവചനം നബി(ﷺ) നൽകുന്നുണ്ട്. അതായത്, പുരുഷൻെറ ലിംഗാഗ്രം സ്ത്രീയുടെ യോനിയിൽ പ്രവേശിക്കൽ. ആഇശ(ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

«إذا جاوَزَ الخِتانُ الخِتانَ وَجَبَ الغُسلُ.»

“(പുരുഷൻെറ) ജനനേന്ദ്രിയം (സ്ത്രീയുടെ) ജനനേന്ദ്രിയത്തിൽ പ്രവേശിച്ചാൽ, കുളി നിർബന്ധമായി.”

ആഇശ(ﷺ) ഇത്ര കൂടി പറഞ്ഞു, “ഞാൻ പ്രവാചകനുമായി അപ്രകാരം ചെയ്യുകയും, ശേഷം കുളിക്കുകയും ചെയ്തു.”[4]

### തടസ്സപ്പെട്ട വേഴ്ച

“സമ്പൂർണ്ണ” വേഴ്ച നടന്നാൽ, കുളി നിർബന്ധമാണെന്ന് നാം മുകളിൽ കണ്ടു. അപ്പോൾ, ലൈംഗിക വേഴ്ചയുടെ അവസരത്തിൽ, സ്ഖലനത്തിൻെറ (രതി മൂർഛയുടെ) അവസ്ഥയെത്തുന്നതിന് മുമ്പായി പുരുഷൻ തണുക്കുകയോ, തടസ്സപ്പെടുകയോ ചെയ്താലും, അവൻ കുളിക്കണം.

ആഇശ(ﷺ) നിവേദനം: ഒരിക്കൽ അവർ പ്രവാചക(ﷺ)നോടൊപ്പം ഇരിക്കുന്നതിനിടയിൽ, ഒരാൾ വന്നു കൊണ്ട് അദേഹത്തോട് ചോദിച്ചു, “ഒരാൾ തൻെറ ഭാര്യയുമായി ലൈംഗിക

[2] *മുസ്‌ലിം, അഹ്മദ്.*

[3] *ബുഖാരി, മുസ്‌ലിം.*

[4] *തിർമിദി, ഇബ്നു മാജ, അഹ്മദ്.* സ്വഹീഹാണെന്ന് അൽബാനി സ്ഥിരപ്പെടുത്തി. (*അൽ മിശ്കാത്ത്* ന. 442, *ഇർവാഉൽ ഗലീൽ* ന. 80)

വേഴ്ച നടത്തുന്ന അവസരത്തിൽ തണുത്തു പോയാൽ, അവൻ കുളിക്കേണ്ടതുണ്ടോ?” റസൂൽ(ﷺ) പറഞ്ഞു:

«إني لأفعلُ ذلك، أنا وهذه، ثم نغتسِلُ.»

“ഞാൻ ഇവളുമായി (ആഇശയെ ചൂണ്ടി ക്കൊണ്ട്) അത് ചെയ്യാറുണ്ട്. ശേഷം ഞങ്ങൾ കുളിക്കും.”[5]

### സ്ഖലനം

ശുക്ലസ്ഖലനം ജനാബത്തിനുള്ള ഒരു കാരണമാണ്. അബൂസഈദിൽ ഖുദ്രി(رضي الله عنه) നിവേദനം: ഒരിക്കൽ അദ്ദേഹം പ്രവാചക(ﷺ)നോടൊപ്പം ഖുബായിലേക്ക് (മദീനക്കടുത്തുള്ള ഒരു പട്ടണം) പോയി. അവർ സാലിം ഗോത്രക്കാരുടെ വാസസ്ഥലത്തിനടുത്തെത്തിയപ്പോൾ, ഇത്ബാൻ എന്ന ഒരാളുടെ വാതിൽക്കൽ നിന്നു കൊണ്ട് പ്രവാചകൻ(ﷺ) അദ്ദേഹത്തെ പുറത്തേക്ക് വിളിച്ചു. വസ്ത്രം വലിച്ചിഴച്ചു കൊണ്ട് ഇത്ബാൻ ധൃതിയിൽ പുറത്തേക്ക് വന്നു. ഇത് കണ്ടപ്പോൾ, ഇത്ബാൻ ലൈംഗിക വേഴ്ചയിലായിരുന്നെന്ന് പ്രവാചകന് മനസ്സിലായി. അവിടുന്ന് പറഞ്ഞു, “ഞങ്ങൾ ഈ മനുഷ്യനെ ബുദ്ധിമുട്ടിച്ചു.” ശേഷം ഇത്ബാൻ ചോദിച്ചു, “തിരുദൂതരേ, ലൈംഗിക വേഴ്ച തടസ്സപ്പെട്ട്, സ്ഖലനമുണ്ടാകുന്നതിന് മുമ്പായി ഒരു പുരുഷൻ ഭാര്യയെ പിരിഞ്ഞ് എഴുന്നേറ്റ് പോകേണ്ടി വന്നാൽ, അവൻ എന്ത് ചെയ്യണം?” നബി(ﷺ) പറഞ്ഞു:

«إنما الماءُ من الماءِ.»

“വെള്ളം(അതായത്, കുളി ആവശ്യമുള്ളത്) വെള്ളത്തിന് (അതായത്, സ്ഖലനമുണ്ടായാൽ) മാത്രമാണ്.”[6]

ഇതിനർത്ഥം, ഒരു പുരുഷൻ ജുനുബ് ആകുന്നത് ശുക്ലസ്ഖലനം ഉണ്ടായാൽ മാത്രമാണെന്നും, സ്ഖലനമില്ലാതെ വേഴ്ച നടത്തിയാൽ ജനാബത്ത് ആകുകയില്ല എന്നുമാണ്. എന്നാൽ, ഇത് പിന്നീട് ദുർബ്ബലപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഉബയ്യുബ്നു കഅ്ബ്(رضي الله عنه) നിവേദനം:
“വെള്ളം വെള്ളത്തിന് മാത്രമാണ് എന്നത് ഇസ്ലാമിന്റെ ആദ്യകാലത്തുണ്ടായിരുന്ന ഒരു അനുവാദം മാത്രമാണ്. എന്നാൽ അത് പിന്നീട് എടുത്ത് കളഞ്ഞു.”[7]

അപ്പോൾ, മുകളിലുദ്ധരിച്ച ഹദീഥ് ഇന്ന് ബാധമാകുന്നത് ലൈംഗിക വേഴ്ചയല്ലാത്ത മറ്റ് കാര്യങ്ങൾക്ക് മാത്രമാണ്. അതിൽ പെട്ടതാണ് സ്വപ്ന സ്ഖലനവും, വേഴ്ച കൊണ്ടല്ലാതെ സ്ഖലനമുണ്ടാക്കുന്ന മറ്റ് ഉത്തേജനങ്ങളും.

അലി(رضي الله عنه) നിവേദനം:
“ഞാൻ അമിതമായ മദിയ്യ്(ശുക്ലസ്ഖലനത്തിന്റെ മുമ്പ് പുറത്ത് വരുന്ന കൊഴുത്ത ദ്രാവകം) ഉള്ള ഒരാളായിരുന്നു. അത് കാരണം, എന്റെ പുറം പൊട്ടിപ്പോകുവോളം ഞാൻ കുളിക്കുമായിരുന്നു. ഇതിനെ കുറിച്ച് പ്രവാചക(ﷺ)നോട് ചോദിക്കാൻ ഞാൻ മടിച്ചു. അദ്ദേഹത്തിന്റെ മകളുടെ സ്ഥാനത്തെ ഓർത്തു കൊണ്ടാണ് ഞാൻ മടിച്ചത്. അതിനാൽ, അദ്ദേഹത്തോട് ചോദിക്കാൻ മിഖ്ദാദ് ഇബ്നു അസ്വദിനോട് ഞാൻ അപേക്ഷിച്ചു. പിന്നീട് പ്രവാചകൻ(ﷺ) എന്നോട് പറഞ്ഞു:

---

[5] *മുസ്ലിം.*

[6] *മുസ്ലിം.*

[7] *തിർമിദി, അബൂദാവൂദ്, ദാരിമി.* സ്വഹീഹാണെന്ന് അൽബാനി സ്ഥിരപ്പെടുത്തി. (*അൽ മിശ്കാത്ത്* ന. 448)

«لا تَفعَلْ! إذا رأيتَ المَذيَ فاغسِلْ ذكرَكَ وتوضأْ وُضوءَكَ للصلاةِ. فإذا فضَختَ الماءَ فاغتسِلْ.»

“നീ അത് ചെയ്യരുത്. നീ മദിയ്യ് കണ്ടാൽ, ജനനേന്ദ്രിയം കഴുകുകയും ശേഷം നമസ്കാരത്തിന് വേണ്ടി വുളു ചെയ്യുന്ന രൂപത്തിൽ വുളുവെടുക്കുകയും ചെയ്യുക. എന്നാൽ, ശുക്ലസ്ഖലനമുണ്ടായാൽ കുളിക്കുക.”[8]

അലി(ﷺ)യിൽ നിന്നുള്ള മുറ്റൊരു റിപ്പോർട്ടിൽ, നബി(ﷺ) പറഞ്ഞു:

«إذا حذَفتَ فاغتسِلْ من الجنابة، وإذا لم تكنْ حاذِفاً فلا تغتسِلْ.»

“സ്ഖലനമുണ്ടായാൽ ജനാബത്തിൻെറ കുളി നിർവ്വഹിക്കുക. സ്ഖലനമുണ്ടായില്ലെങ്കിൽ കുളിക്കേണ്ടതില്ല.”[9]

### സ്ത്രീകളുടെ സ്ഖലനം

രതിമൂർച്ഛയെത്തിയാൽ സ്ത്രീക്കും സ്ഖലനമുണ്ടാകും. എന്നാൽ, അത് യോനിക്കകത്ത് തന്നെ ശേഷിക്കുന്നത് കാരണം, പുറന്തള്ളപ്പെടുന്ന ഈ ദ്രാവകം ശ്രദ്ധിക്കപ്പെടാതെ പോകുകയാണ്. ഒരു സ്ത്രീക്ക് രതിമൂർച്ഛയെത്തുകയും സ്ഖലനമുണ്ടാകുകയും ചെയ്താൽ, ഉറക്കവേളയിൽ അവളറിയാതെയാണെങ്കിൽ പോലും, അത് തിരിച്ചറിഞ്ഞാൽ, അവൾ കുളിക്കേണ്ടതാണ്.

ഉമ്മുസലമ(ﷺ) നിവേദനം: ഉമ്മുസലൈം വന്ന് കൊണ്ട് പ്രവാചക(ﷺ)നോട് ചോദിച്ചു: “തിരുദൂതരേ! നിശ്ചയം, സത്യം പറയുന്നതിൽ അല്ലാഹു ലജ്ജിക്കുകയില്ല. സ്വപ്ന സ്ഖലനമുണ്ടായാൽ ഒരു സ്ത്രീ കുളിക്കേണ്ടതുണ്ടോ?” അവിടുന്ന് പറഞ്ഞു:

«إذا رأتِ الماءَ فلتغتسِلْ.»

“(വസ്ത്രത്തിൽ) നനവ് കണ്ടാൽ, അവൾ കുളിക്കേണ്ടതാണ്.”
ഇത് കേട്ടപ്പോൾ, ഉമ്മുസലമ(ﷺ) ചിരിച്ചു. ശേഷം (ലജ്ജ മൂലം) മുഖം പൊത്തിക്കൊണ്ട് ചോദിച്ചു, “തിരുദൂതരേ! സ്ത്രീകൾക്ക് സ്ഖലനമുണ്ടാകുമോ?” അവിടുന്ന് പറഞ്ഞു:

«نعَم، ترِبَتْ يمينُكِ! فيمَ يُشبِهُها ولَدُها؟»

“നിൻെറ വലതു കൈ സമൃദ്ധമാകട്ടെ! പിന്നെയെങ്ങനെയാണ് അവളുടെ കുട്ടി അവളുമായി സാദൃശ്യപ്പെടുന്നത്?”[10]

### സംശയത്തിലായാൽ എന്തു ചെയ്യണം?

കുളി നിർബന്ധമാകും വിധം സ്ഖലനമുണ്ടായോ എന്നതിനെപ്പറ്റി ആരെങ്കിലും സംശയത്തിലായാൽ, അവൻ (അല്ലെങ്കിൽ, അവൾ) തൻെറ അടിവസ്ത്രം പരിശോധിക്കേണ്ടതാണ്. ശുക്ലത്തിൻെറ അംശം കാണുകയാണെങ്കിൽ, സ്വപ്നദർശനത്തെ കുറിച്ച് ഓർമ്മയുണ്ടായാലും ഇല്ലെങ്കിലും, അവൻ (അല്ലെങ്കിൽ, അവൾ) കുളിക്കണം. അതല്ലെങ്കിൽ, കുളി ആവശ്യമില്ല.

---

[8] *ബുഖാരി, മുസ്ലിം, അബൂദാവൂദ്* എന്നിവരുടെ റിപ്പോർട്ടുകൾ ഒരുമിച്ച് ചേർത്തത്.

[9] *അഹ്മദ്.* സ്വഹീഹാണെന്ന് അൽബാനി സ്ഥിരപ്പെടുത്തി. (*ഇർവാഉൽ ഗലീൽ* ന. 125)

[10] *ബുഖാരി, മുസ്ലിം.*

ആഇശ(ﷺ) നിവേദനം: (ഉറക്കമുണർന്ന ശേഷം) വസ്ത്രത്തിൽ നനവ് കാണാറുള്ള ഒരാളെ കുറിച്ച് പ്രവാചക(ﷺ)നോട് ചോദിക്കപ്പെട്ടു. അയാളാകട്ടെ, അതുമായി ബന്ധപ്പെട്ട് വല്ല സ്വപ്നവും കണ്ടതായി ഓർക്കുന്നുമില്ല. റസൂൽ(ﷺ) പറഞ്ഞു, "അവൻ കുളിക്കേണ്ടതാണ്." ശേഷം, സ്വപ്നം കണ്ടതായി ഓർക്കുകയും, എന്നാൽ (ശുക്ലത്തിൻെറ) നനവൊന്നും കാണാതിരിക്കുകയും ചെയ്ത ഒരാളെ കുറിച്ച് റസൂലി(ﷺ)നോട് ചോദിക്കപ്പെട്ടു. അപ്പോൾ അവിടുന്ന് പറഞ്ഞു, "അവൻ കുളിക്കേണ്ടതില്ല." പിന്നീട് ഉമ്മുസലമ (മറ്റു ചില റിപ്പോർട്ടുകളിൽ, ഉമ്മുസുലൈം എന്നാണുള്ളത്) ചോദിച്ചു, "തിരുദൂതരേ! ഇത് ഒരു സ്ത്രീക്കാണ് സംഭവിക്കുന്നതെങ്കിൽ, അവൾ കുളിക്കേണ്ടതുണ്ടോ?" അവിടുന്ന് പറഞ്ഞു:

«نعم، إن النساء شقائق الرجال.»

"അതെ. കാരണം, സ്ത്രീകൾ പുരുഷൻമാരുടെ ഉടപ്പിറപ്പുകളാണ്."[11]

## ജുനുബുള്ളവർക്ക് അനുവദനീയമായ കാര്യങ്ങൾ

### മറ്റുള്ളവരോടൊപ്പം ഇരിക്കൽ

ജനാബത്തുള്ള ഒരാൾ മറ്റു മുസ്ലിംകളോടൊപ്പം ഇരിക്കുന്നതും അവരോട് സംസാരിക്കുന്നതും അനുവദനീയമാണ്.

അബൂ ഹുറയ്റ(ﷺ) നിവേദനം: ഒരിക്കൽ, അദ്ദേഹം ജനാബത്തുകാരനായിരിക്കെ, റസൂൽ(ﷺ) അദ്ദേഹത്തെ കണ്ടുമുട്ടി. റസൂൽ(ﷺ) അദ്ദേഹത്തിൻെറ കൈ പിടിച്ചു കൊണ്ട് അദ്ദേഹവുമായി നടന്നു. അങ്ങനെ റസൂൽ(ﷺ) ഒരിടത്ത് ഇരുന്നപ്പോൾ, അദ്ദേഹം പതുക്കെ എണീറ്റ് വീട്ടിൽ പോയി കുളിച്ച ശേഷം റസൂലി(ﷺ)ൻെറയടുക്കലേക്ക് തിരിച്ചുവന്നു. റസൂൽ(ﷺ) അദ്ദേഹത്തോട് ചോദിച്ചു, "നീ എവിടെയായിരുന്നു, ഓ അബൂഹുറയ്റാ?" അദ്ദേഹം പറഞ്ഞു, "ഞാൻ ജനാബത്തുകാരനായിരിക്കുമ്പോഴാണ് അങ്ങ് എന്നെ കണ്ടുമുട്ടിയത്. കുളിച്ച് ശുദ്ധിയാകുന്നതിന് മുമ്പായി അങ്ങയോടൊപ്പം ഇരിക്കുന്നതിനെ ഞാൻ ഇഷ്ടപ്പെട്ടില്ല." അവിടുന്ന് പറഞ്ഞു:

«سبحان الله! إن المؤمن لا ينجس.»

"അല്ലാഹു പരിശുദ്ധൻ! നിശ്ചയം, ഒരു വിശ്വാസി ഒരിക്കലും നജസ് (മലിനം) ആവുകയില്ല."[12]

### അല്ലാഹുവിൻെറ നാമം ഉച്ചരിക്കൽ

പൂർണ്ണമായ ശുദ്ധിയോടു കൂടിയല്ലാതെ അല്ലാഹുവിൻെറ നാമം ഉച്ചരിക്കുന്നതിനെ വെറുത്തിരുന്നതായി താഴെ നിന്നും മനസ്സിലാകും. എന്നാൽ, ജനാബത്തുകാരനോ, വുളുവില്ലാത്തവനോ അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്നും വിലക്കപ്പെട്ടിട്ടുണ്ടെന്ന് ഇതിനർത്ഥമില്ല. നാം മുമ്പൊരിക്കൽ പറഞ്ഞതു പോലെ, അതിനെ വിലക്കുന്ന ഖണ്ഡിതമായ രേഖകളൊന്നും തന്നെയില്ല. എന്നല്ല, അതിന് വിപരീതമായിട്ടുള്ളതിന് തെളിവുകളുണ്ട്. ആഇശ(ﷺ)യുടെ പ്രസ്താവന അതിനുദാഹരണമാണ്:

---

[11] *തിർമിദി, അബൂദാവൂദ്.* സ്വഹീഹാണെന്ന് അൽബാനി സ്ഥിരപ്പെടുത്തി. (*സ്വഹീഹുത്തിർമിദി* ന. 98)

[12] *ബുഖാരി, മുസ്ലിം.* ഈ ഹദീഥിൻെറ സ്ഥിരപ്പെട്ട മറ്റു റിപ്പോർട്ടുകൾ, ഹുദൈഫ, ഇബ്നു മസ്ഊദ്, അബൂ മൂസാ എന്നിവരിൽ നിന്നും മുസ്ലിമും മറ്റും ഉദ്ധരിച്ചിട്ടുണ്ട്.

كان النبيُّ يذكرُ اللهَ عزَّ وجلَّ على كلِّ أحيانِه.

“നബി(ﷺ) എല്ലായിപ്പോഴും അല്ലാഹുവിനെ സ്മരിക്കുമായിരുന്നു.”[13]

ഇവിടെ എല്ലായിപ്പോഴും എന്ന് പറഞ്ഞതിൽ അവിടുന്ന് ജനാബത്തുകാരനായി വെള്ളം കാണാതെ ഉറങ്ങിയ സന്ദർഭങ്ങളും ഉൾപ്പെടും.

### ഖുർആൻ സ്പർശിക്കലും അത് ഓതലും

അതേ നാണയത്തിൽ തന്നെ, ജനാബത്തുകാരൻ ഖുർആൻ സ്പർശിക്കുന്നതിനെയും ഓതുന്നതിനെയും വിലക്കുന്ന വ്യക്തമായ രേഖകളൊന്നുമില്ല. ആ വിഷയത്തിൽ ഉദ്ധരിക്കാറുള്ള തെളിവുകൾ ഒന്നുകിൽ ദുർബ്ബലമോ അതല്ലെങ്കിൽ ദ്വയാർത്ഥമുള്ളവയോ ആകും. പണ്ഡിതൻമാർക്കിടയിൽ ഇതൊരു വിവാദ വിഷയമാണെങ്കിലും, ജനാബത്തുകാരൻ ഖുർആൻ സ്പർശിക്കുന്നതും ഓതുന്നതും അനുവദനീയമാണെന്ന അനായാസകരമായ അഭിപ്രായത്തെ നാം സ്വീകരിക്കുന്നു.

### പള്ളിയിൽ പ്രവേശിക്കൽ

പള്ളിയിൽ പ്രവേശിക്കുന്ന വിഷയത്തിലും മുകളിലുള്ള അതേ ന്യായം ബാധകമാണ്: അതിനെ വിലക്കുന്ന ആധികാരിക രേഖകളൊന്നുമില്ല.

### മറ്റു കർമങ്ങൾ

ജുനുബുള്ളവൻ ആ അവസ്ഥയിൽ തന്നെ തിന്നുകയും കുടിക്കുകയും ഉറങ്ങുകയും ചെയ്യുന്നത് അനുവദനീയമാണെന്ന് ഈ അധ്യായത്തിലുദ്ധരിച്ച തെളിവുകളിൽ നിന്നും നമുക്ക് മനസ്സിലാക്കാം. അപ്പോൾ, ജുനുബുള്ളവന്ന് അസന്ദിഗ്ദ്ധമായി വിലക്കപ്പെട്ട ഒരേയൊരു കാര്യം നമസ്കാരമാണ്. (നമസ്കാരത്തിൻെറ സ്ഥാനം അലങ്കരിക്കുന്ന കഅ്ബ ത്വവാഫ് ചെയ്യുന്നതും അതിലുൾപ്പെടും)

## കുളിക്കാൻ ധൃതി കാണിക്കൽ

### മലക്കുകൾ കൈയൊഴിയും

ജനാബത്തിൻെറ അവസ്ഥയിൽ നിന്നും മുക്തമാകാനും അത് നീണ്ടുപോകുന്നത് അനുവദിക്കാതിരിക്കാനും ധൃതി കാണിക്കണം. ജനാബത്തിൻെറ അവസ്ഥയിൽ തന്നെ തുടർന്ന് പോകുന്ന ഒരാൾക്ക് മലക്കുകളുടെ സഹവാസവും സംരക്ഷണവും ലഭിക്കുകയില്ല.

ഇബ്നു അബ്ബാസ്(ﷺ)നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

«ثلاثةٌ لا تقربُهم الملائكةُ: الجُنُبُ، والسَّكرانُ، والمتضمِّخُ بالخَلوقِ.»

“മൂന്നാളുകളെ മലക്കുകൾ സമീപിക്കുകയില്ല: *ജുനുബ്*, മദ്യപാനി, *ഖലൂക്ക്*[14] ധരിക്കുന്നവൻ.”[15]

ഇബ്നുൽ അഥീർ പറഞ്ഞു:
“*ഖലൂക്കി*നെ വിലക്കിയത് അത് സ്ത്രീകളുടെ സുഗന്ധമായത് കൊണ്ടാണ്... ഇവിടെ *ജുനുബ്* എന്നത് കൊണ്ടുള്ള ഉദ്ദേശം ജനാബത്തുണ്ടായാലും കുളിക്കുന്ന പതിവില്ലാത്ത

---

[13] *മുസ്ലിം.*

[14] *ഖലൂക്ക്*: കുങ്കുമത്തിൽ നിന്നുണ്ടാക്കിയ മഞ്ഞയോ ചുവപ്പോ നിറത്തിലുള്ള ഒരു തരം മിശ്രിത സുഗന്ധം.

[15] *ബസ്സാർ, ബുഖാരി (താരീഖി ൽ).* സ്വഹീഹാണെന്ന് അൽബാനി സ്ഥിരപ്പെടുത്തി. (*അസ്സ്വഹീഹ* ന. 1804)

ഒരുവനാകാം. അധിക സമയവും അവൻ ജനാബത്തുകാരനായിട്ടു തന്നെയായിരിക്കും. അവന്റെ വിശ്വാസ ദൗർബല്യത്തെയും പാപപങ്കിലമായ ഹൃദയത്തെയുമാണ് അത് സൂചിപ്പിക്കുന്നത്."[16]

അതിനാൽ, ജനാബത്തിന്റെ അവസ്ഥയിൽ നിന്നും മുക്തമാകാൻ താൽപര്യമില്ലാത്തവർക്കാണ് മേൽപറഞ്ഞ ഹദീഥ് ബാധകമാവുക. മറിച്ച്, വല്ലപ്പോഴും ക്ഷീണമോ ഉറക്കമോ കീഴ്പ്പെടുത്തിയവനെ കുറിച്ചല്ല അതിലുള്ള പരാമർശം. മേൽപ്പറഞ്ഞ ഇബ്നുൽ അഥീറിന്റെ വാക്കുകളുദ്ധരിച്ച ശേഷം ശൈഖ് അൽബാനി പറയുന്നു:
"കൂടാതെ, ജനാബത്തുകാരനായിരിക്കെ വെള്ളം തൊടാതെ പ്രവാചകൻ ഉറങ്ങിയിരുന്നതായി സ്ഥിരപ്പെട്ടിട്ടുണ്ട്. ഞാൻ അത് സ്വഹീഹ് അബീദാവൂദിൽ (ന. 223) പരാമർശിച്ചിട്ടുണ്ട്."[17]

രാത്രി മുഴുവൻ അല്ലെങ്കിൽ ഒരു ലഘു കാലയളവിൽ, ജനാബത്തുകാരനായിക്കൊണ്ട് കഴിയുന്നത് അനുവദനീയമാണെങ്കിലും, കുളിച്ച് ശുദ്ധിയാകാൻ ധൃതി കാണിക്കലാണ് ഏറ്റവും ഉത്തമം. അത് താഴെ വിശദമാക്കുന്നുണ്ട്.

### ധൃതി കാണിക്കാനുള്ള പ്രേരണ

കഴിയുന്നത്ര വേഗത്തിൽ ജനാബത്തിന്റെ അവസ്ഥയിൽ നിന്നും മുക്തമാകുന്നത് പ്രശംസനീയമായ കാര്യമാണെന്ന് മുകളിലുദ്ധരിച്ച ഇബ്നു അബ്ബാസി(﵁)ന്റെ ഹദീഥിൽ നിന്നും നാം മനസ്സിലാക്കി. അത് നിദ്രാ വേളയിൽ മലക്കുകൾ അവന്റെയടുക്കൽ വരാനുള്ള സാഹചര്യമുണ്ടാക്കും.

കൂടാതെ, ശുദ്ധിയില്ലാതെ അല്ലാഹുവിനെ സ്മരിക്കുന്നത് വെറുക്കപ്പെട്ട ഒരു കാര്യമാണ്. മുഹാജിറുബ്നു ഖുൻഫുദ് (﵁) നിവേദനം: ഒരിക്കൽ അദ്ദേഹം (ദൂരെ നിന്നും) പ്രവാചകൻ(ﷺ) മൂത്രമൊഴിക്കുന്നത് കണ്ടു. നബി(ﷺ)യോട് അദ്ദേഹം സലാം പറഞ്ഞു. എന്നാൽ, അവിടുന്ന് വുളു എടുക്കുന്നത് വരെ അദ്ദേഹത്തിന്റെ സലാമിന് മറുപടി പറഞ്ഞില്ല. നബി(ﷺ) അദ്ദേഹത്തോട് മാപ്പപേക്ഷിച്ചു കൊണ്ട് പറഞ്ഞു:

«إني كرهتُ أن أذكرَ اللهَ إلاّ على طُهر.»

"ശുദ്ധിയുള്ള അവസ്ഥയിലല്ലാതെ അല്ലാഹുവിന്റെ നാമം സ്മരിക്കുന്നതിനെ ഞാൻ ഇഷ്ടപ്പെടുന്നില്ല."[18]

### കുളി നീട്ടി വെക്കാനും പകരം വുളുവെടുക്കാനുമുള്ള അനുവാദം

ജനാബത്തുകാരനായിരിക്കെ ഉറങ്ങാൻ ചെല്ലുന്നത് അനുവദനീയമാണ്. എന്നാൽ ഉറങ്ങും മുമ്പ് വുളുവെടുക്കുന്നതിനെ പ്രോത്സാഹിപ്പിച്ചിട്ടുമുണ്ട്. ആഇശ(﵂) നിവേദനം:

"كان النبي إذا كان جُنباً فأراد أن يأكل أو
ينامَ غسل فرجهُ وتوضأ وُضوءَهُ للصلاة."

---

[16] *അന്നിഹായ ഫീ ഗരീബിൽ ഹദീഥി വൽ അഥർ.*

[17] *അസ്സ്വഹീഹ* വാ. 2 പേ. 420

[18] *അബൂദാവൂദ്, നസാഈ.* സ്വഹീഹാണെന്ന് അൽബാനി സ്ഥിരപ്പെടുത്തി. (*അസ്സ്വഹീഹ* ന. 834, *സ്വഹീഹുൽ ജാമിഅ്* ന. 2472)

“ജനാബത്തുകാരനായിരിക്കെ, നബി(ﷺ) തിന്നാനും ഉറങ്ങാനും ഉദ്ദേശിച്ചാൽ, അവിടുന്ന് തൻെറ ജനനേന്ദ്രിയങ്ങൾ കഴുകി വൃത്തിയാക്കുകയും, നമസ്കാരത്തിന് വേണ്ടിയെന്ന പോലെ വുളുവെടുക്കുകയും ചെയ്യുമായിരുന്നു.”[19]

ആഇശ(ؓ) നിവേദനം: “ജനാബത്തുകാരനായിരിക്കെ, നബി(ﷺ) ഉറങ്ങാനുദ്ദേശിച്ചാൽ, അവിടുന്ന് ആദ്യം വുളുവെടുക്കുകയോ തയമ്മും നിർവഹിക്കുകയോ ചെയ്യുമായിരുന്നു.”[20]
അബ്ദുല്ലാഹിബ്നു ക്വൈസ്(ؓ) നിവേദനം: അദ്ദേഹം ആഇശ(ؓ)യോട് ചോദിച്ചു, “ജനാബത്തുകാരനായാൽ നബി(ﷺ) എന്താണ് ചെയ്തിരുന്നത്? അവിടുന്ന് ഉറങ്ങും മുമ്പ് കുളിച്ചിരുന്നോ അതോ കുളിക്കും മുമ്പ് ഉറങ്ങിയോ?” അവർ പറഞ്ഞു: “അവിടുന്ന് രണ്ടും ചെയ്തിരുന്നു. ചിലപ്പോൾ അദ്ദേഹം കുളിച്ച ശേഷം ഉറങ്ങും. മറ്റു ചിലപ്പോൾ, വുളുവെടുത്ത ശേഷം ഉറങ്ങും.” ശേഷം, അബ്ദുല്ല പറഞ്ഞു, “ഈ വിഷയത്തിൽ സൗകര്യം ചെയ്തു തന്ന അല്ലാഹുവിനാണ് സർവ്വസ്തുതിയും.”[21]

ഇബ്നു ഉമർ(ؓ) നിവേദനം: രാത്രി ജനാബത്തായാൽ എന്ത് ചെയ്യണമെന്നതിനെ കുറിച്ച് ഉമറുബ്നുൽ ഖത്വാബ്(ؓ) റസൂലി(ﷺ)നോട് ചോദിക്കുകയുണ്ടായി. റസൂൽ(ﷺ) അദ്ദേഹത്തോട് പറഞ്ഞു:

«توضأ، واغسل ذكرك ثم نم.»

“വുളുവെടുക്കുകയും ജനനേന്ദ്രിയം കഴുകുകയും ചെയ്യുക. ശേഷം ഉറങ്ങാൻ പോകുക.”[22]

മറ്റൊരു റിപ്പോർട്ടിൽ, ഇബ്നു ഉമർ(ؓ) നിവേദനം: ഉമർ(ؓ) ചോദിച്ചു, “തിരുദൂതരേ! ജനാബത്തുകാരനായിരിക്കെ നമുക്ക് ഉറങ്ങാൻ പറ്റുമോ?” റസൂൽ(ﷺ) പറഞ്ഞു:

«نعم، إذا توضأ.»

“അതെ, വുളുവെടുക്കുകയാണെങ്കിൽ (പറ്റും).”[23]

വുളുവെടുക്കുന്നതിന് മുമ്പായി ജനനേന്ദ്രിയങ്ങൾ കഴുകുക എന്നതാണ് ഇതിൻെറ ക്രമം. ഇത് വ്യക്തമാക്കുന്ന സമാനമായ ഒരു റിപ്പോർട്ട് ഇബ്നു ഉമറി(ؓ)ൽ നിന്നും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹം നബി(ﷺ)യോട് ചോദിച്ചു, “തിരുദൂതരേ! ജനാബത്തുകാരനായിരിക്കെ നമുക്ക് ഉറങ്ങാൻ പറ്റുമോ?” നബി(ﷺ) പറഞ്ഞു:

«اغسل ذكرك، ثم توضأ ونم.»

“നിൻെറ ജനനേന്ദ്രിയം കഴുകുക, ശേഷം വുളുവെടുക്കുകയും ഉറങ്ങുകയും ചെയ്യുക.”[24]

### വുളു നിർബന്ധമില്ല

ഉറങ്ങുന്നതിന് മുമ്പായി ഒരു ജനാബത്തുകാരൻ വുളു ചെയ്യണമെന്ന് നാം മുകളിൽ കണ്ടു. എന്നാൽ, അത് ഐച്ഛികമായ ഒരു കാര്യം മാത്രമാണ്, നിർബന്ധമല്ല എന്ന് മനസ്സി

---

[19] *ബുഖാരി, മുസ്ലിം.*

[20] *ബൈഹഖി.* സ്വഹീഹാണെന്ന് അൽബാനി സ്ഥിരപ്പെടുത്തി. (*ആദാബുസ്സിഫാഫ്* പേ. 117-118)

[21] *മുസ്ലിം.*

[22] *ബുഖാരി, മുസ്ലിം.*

[23] *മുസ്ലിം, തിർമിദി.*

[24] നസാഈ (*അൽ കുബ്റായിൽ*)

ലാക്കണം. മറ്റൊരു രീതിയിൽ പറഞ്ഞാൽ, അപ്രകാരം ചെയ്താൽ അവൻ പ്രതിഫലാർഹനാണ്. എന്നാൽ, അത് ചെയ്തില്ലെങ്കിൽ അവൻ കുറ്റക്കാരനാകുന്നില്ല.

ഇബ്നു ഉമർ(ﷺ) നിവേദനം: അദ്ദേഹം നബി(ﷺ)യോട് ചോദിച്ചു, "തിരുദൂതരേ! ജനാബത്തുകാരനായിരിക്കെ നമുക്ക് ഉറങ്ങാൻ പറ്റുമോ?" നബി(ﷺ) പറഞ്ഞു:

«نعم، ويتوضأ إن شاء.»

"അതെ, അവൻ ഉദ്ദേശിക്കുകയാണെങ്കിൽ അവന് വുളുവെടുക്കാവുന്നതാണ്."[25]

ഉമ്മുസലമ(ﷺ) നിവേദനം:

"كان رسول الله يمس أهله من الليل فيصبح
جنبا من غير احتلام فيغتسل ويصوم."

"റസൂൽ(ﷺ) രാത്രിയിൽ തൻെറ ഭാര്യമാരെ (ലൈംഗിക വേഴ്ചക്കായി) സമീപിക്കുകയും, ജനാബത്തുകാരനായിക്കൊണ്ട് രാവിലെ എഴുന്നേൽക്കുകയും ചെയ്യും. സ്വപ്ന സ്ഖലനം മൂലമല്ല (ജുനുബ് ആയത്). ശേഷം കുളിക്കുകയും നോമ്പനുഷ്ഠിക്കുകയും ചെയ്യും."[26]

ആഇശ(ﷺ) നിവേദനം: "ജനാബത്തുകാരനായിരിക്കെ, റസൂൽ(ﷺ) വെള്ളം തൊടാതെ ഉറങ്ങും. ശേഷം എഴുന്നേറ്റ് കുളിക്കും."[27]

ആഇശ(ﷺ) നിവേദനം: "ജനാബത്തുകാരനായിരിക്കെ, റസൂൽ(ﷺ) ഉറങ്ങും. ബിലാൽ വന്ന് കൊണ്ട് നമസ്കാരത്തെ കുറിച്ച് അറിയിച്ചാൽ, അവിടുന്ന് എഴുന്നേറ്റ് പോയി കുളിക്കും. അവിടുത്തെ തലയിൽ നിന്നും വെള്ളം ഉറ്റിവീഴുന്നത് ഞാൻ നോക്കി നിൽക്കും. ശേഷം അദ്ദേഹം (പള്ളിയിലേക്ക്) പോകും. ഫജ്ർ നമസ്കാരത്തിൽ അദ്ദേഹത്തിൻെറ ശബ്ദം ഞാൻ കേൾക്കും. ശേഷം, നോമ്പുകാരനായി കൊണ്ട് അന്ന് അദ്ദേഹം കഴിച്ചു കൂട്ടും."[28]

**ഓരോ സംയോഗത്തിനും വെവ്വേറെ കുളിക്കൽ**

ഒന്നിലധികം ഭാര്യമാരുമായി ലൈംഗിക വേഴ്ച ഉദ്ദേശിക്കുകയാണെങ്കിൽ, ഒരു ഭാര്യയുമായുള്ള വേഴ്ചക്ക് ശേഷം മറ്റൊരുവളിലേക്ക് പോകുന്നതിന് മുമ്പായി കുളിക്കുന്നത് നല്ലതാണ്.

അബൂ റാഫിഅ്(ﷺ) നിവേദനം: ഒരു ദിവസം റസൂൽ(ﷺ) തൻെറ എല്ലാ ഭാര്യമാരുടെയും അടുക്കലേക്ക് (വേഴ്ചക്കായി) പോയി. ഈ വീട്ടിൽ നിന്നും ആ വീട്ടിൽ നിന്നുമെല്ലാം കുളിച്ചു. അബൂ റാഫിഅ്(ﷺ) ചോദിച്ചു, "തിരുദൂതരേ! അങ്ങയ്ക്ക് അവസാനം ഒരു കുളി കുളിച്ചാൽ പോരേ?" അവിടുന്ന് പറഞ്ഞു:

«هذا أزكى وأطيب وأطهر.»

---

25 *മുസ്ലിം, ഇബ്നു ഹിബ്ബാൻ. (ആദാബുസ്സിഫാഫ്* പേ. 114-116)

26 *അഹ്മദ്.* ഹസനാണെന്ന് അൽബാനി പറഞ്ഞു. (*അൽ മിശ്കാത്ത്* ന. 468)

27 *അബൂദാവൂദ്, തിർമിദി.* സ്വഹീഹാണെന്ന് അൽബാനി പറഞ്ഞു. *(ആദാബുസ്സിഫാഫ്* പേ. 116)

28 *ഇബ്നു അബീ ശൈബ, അഹ്മദ്.* സ്വഹീഹാണെന്ന് അൽബാനി പറഞ്ഞു. *(ആദാബുസ്സിഫാഫ്* പേ. 117)

“ഇതാണ് പരിശുദ്ധവും, നല്ലതും, വൃത്തിയും.”[29]

എന്നാൽ, അവസാനം ഒരു പ്രാവശ്യം മാത്രം കുളിക്കുന്നതും അനുവദനീയമാണ്. അനസ്(ﷺ) നിവേദനം:

كان النبيُّ يطوفُ على نسائِه بغُسلٍ واحدٍ.

“ഒരു പ്രാവശ്യം മാത്രം കുളിച്ചു കൊണ്ട് നബി(ﷺ) എല്ലാ ഭാര്യമാരെയും സമീപിക്കുമായിരുന്നു.”[30]

രണ്ടാമത് പറഞ്ഞ രീതിയാണ് ഒരാൾ സ്വീകരിക്കുന്നതെങ്കിൽ പോലും, ഓരോ വേഴ്ചക്ക് ശേഷവും അവൻ സ്വയം ശുദ്ധി വരുത്തുകയും വുളുവെടുക്കുകയും ചെയ്യേണ്ടതാണ്. അബൂസഈദിൽ ഖുദ്രി (ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

«إذا أتى أحدُكم أهلَه ثمَّ أرادَ أن يعودَ فليتوضأْ بينَهما وَضوءاً، فإنه أنشطُ في العَوْدِ.»

“നിങ്ങളിലൊരാൾ തന്റെ ഭാര്യയെ സമീപിച്ച ശേഷം വീണ്ടും അവളിലേക്ക് മടങ്ങാൻ ആഗ്രഹിക്കുകയാണെങ്കിൽ, അതിനിടയിൽ അവൻ വുളു ചെയ്യട്ടെ. കാരണം, അത് രണ്ടാം തവണയുള്ളതിന് കൂടുതൽ ഊർജ്ജം നൽകും.”[31]

## കുളിയുടെ രൂപം

### പ്രവാചകന്റെ കുളി

കുളിയുടെ രൂപം മനസ്സിലാക്കാൻ ഏറ്റവും നല്ലത് പ്രവാചകചര്യയാണ്. അതാകട്ടെ, അവിടുത്തെ രണ്ട് പത്നിമാർ വിവരിച്ചു തന്നിട്ടുമുണ്ട്.

ആഇശ(ﷺ) നിവേദനം:
“ജനാബത്ത് കാരണമായി നബി(ﷺ) കുളിക്കുമ്പോൾ, തന്റെ ഇരുകൈകളും വെള്ളപ്പാത്രത്തിലേക്ക് പ്രവേശിപ്പിക്കും മുമ്പായി അവ കഴുകും. ശേഷം തന്റെ വലതു കൈ കൊണ്ട് വെള്ളം കോരിയെടുത്ത് ഇടതുകൈയിലേക്ക് ഒഴിച്ച് (അതു കൊണ്ട്) ജനനേന്ദ്രിയം കഴുകും. പിന്നെ, സാധാരണ നമസ്കാരത്തിന് വേണ്ടി വുളു ചെയ്യുന്ന രൂപത്തിൽ വുളു ചെയ്യും. ശേഷം, വിരലുകൾ വെള്ളപ്പാത്രത്തിലേക്ക് പ്രവേശിപ്പിച്ച് തന്റെ മുടിയുടെ ഇടയിലൂടെ ചലിപ്പിക്കും. ശേഷം, (രണ്ട് കൈകളും ചേർത്തുവെച്ച്) മൂന്ന് കോരൽ വെള്ളം തലയിലൂടെ ഒഴിക്കും. ബാക്കിയുള്ള വെള്ളം ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലൂടെ ഒഴിക്കും.”[32]

ഇബ്നു അബ്ബാസ്(ﷺ) നിവേദനം: അദ്ദേഹത്തിന്റെ അമ്മായിയായ മൈമൂന(ﷺ) അദ്ദേഹത്തോട് പറഞ്ഞു:
“നബി(ﷺ)ക്ക് കുളിക്കുന്നതിന് വേണ്ടി അൽപം വെള്ളം ഞാൻ തയ്യാറാക്കി. ശേഷം ഒരു മറയുപയോഗിച്ച് അദ്ദേഹത്തെ മറച്ചു. അദ്ദേഹം തന്റെ കൈകളിലേക്ക് വെള്ളം ഒഴിച്ച ശേഷം രണ്ടോ മൂന്നോ തവണ കഴുകി. ശേഷം തന്റെ വലതുകൈ കൊണ്ട് ഇടതുകൈയിലേക്ക് വെള്ളം ഒഴിച്ച് ഗുഹ്യസ്ഥാനം കഴുകി. ശേഷം അവിടുന്ന് തന്റെ കൈകൾ

---

[29] *അബൂദാവൂദ്, ഇബ്നു മാജ.*

[30] *ബുഖാരി, മുസ്ലിം.*

[31] *മുസ്ലിം.*

[32] *ബുഖാരി, മുസ്ലിം* എന്നിവരിൽ നിന്നും സംയോജിപ്പിച്ച റിപ്പോർട്ട്.

ശക്തമായി തറയിൽ ഉരച്ച് കഴുകി. ശേഷം വായിൽ വെള്ളം കൊപ്ലിക്കുകയും (മൂക്കിൽ) വെള്ളം കയറ്റി ചീറ്റുകയും ചെയ്തു, മുഖവും ഇരുകൈകളും കഴുകി, മൂന്നു കോരൽ വെള്ളം തലയിലൊഴിച്ചു, ശേഷം ശരീരത്തിൻെറ ബാക്കി ഭാഗങ്ങളിലൂടെ വെള്ളം ഒഴിച്ചു. അവസാനം, അൽപം മാറി നിന്ന് കൊണ്ട് കാലുകൾ കഴുകി."[33]

**ചുരുക്കം**

ചുരുക്കത്തിൽ, കുളിക്കേണ്ടത് ഈ ക്രമത്തിലാണ്:

1. ഗുഹ്യസ്ഥാനം കഴുകുക. ശേഷം സോപ്പ് കൊണ്ടോ കഴുകാനുപയോഗിക്കുന്ന മറ്റു വസ്തുക്കൾ കൊണ്ടോ കൈകൾ കഴുകുക.

2. സാധാരണ വുളുവിൽ ചെയ്യുന്നത് പോലെ കൈകളും, മുഖവും, തലയും കഴുകുക.

3. തലയിലും ശരീരത്തിൻെറ ബാക്കി ഭാഗങ്ങളിലും വെള്ളം ഒഴിക്കുക. മുടിയുടെ അഗ്രഭാഗത്ത് വെള്ളം എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.

4. പാദങ്ങൾ കഴുകുക.

### സ്ത്രീകളുടെ മുടിക്കെട്ട്

ആർത്തവവിരാമത്തിന് ശേഷം കുളിക്കുമ്പോൾ, സ്ത്രീകൾ തങ്ങളുടെ മെടഞ്ഞിട്ട മുടി അഴിക്കേണ്ടതാണ്. എന്നാൽ ജനാബത്ത് കുളിക്ക് അതാവശ്യമില്ല.

ഉമ്മുസലമ(﵂) നിവേദനം: അവർ റസൂലി(ﷺ)നോട് ചോദിച്ചു, "തിരുദൂതരേ! മുടി മുറുകി മെടയുന്ന ഒരു സ്ത്രീയാണ് ഞാൻ. ജനാബത്തിൻെറ കുളിക്ക് ഞാൻ അത് അഴിക്കേണ്ടതുണ്ടോ?" അവിടുന്ന് പറഞ്ഞു:

«لا، إنما يكفيكِ أن تحثي على رأسكِ ثلاث حثيات، ثم تُفيضينَ عليكِ الماءَ فتطهُرين.»

"വേണ്ട. മൂന്ന് കോരൽ വെള്ളം തലയിലൊഴിച്ചശേഷം ബാക്കി വെള്ളം ശരീരത്തിൻെറ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിപ്പിച്ചാൽ മതിയാകും. അത് നിന്നെ ശുദ്ധിയാക്കാൻ പര്യാപ്തമാണ്."[34]

### കുളിച്ചതിന് ശേഷം വുളു ആവശ്യമില്ല

കുളിയിൽ തന്നെ വുളു ഉൾക്കൊള്ളുന്നതിനാൽ, കുളിച്ച ശേഷം പ്രത്യേകം വുളുവെടുക്കേണ്ട ആവശ്യമില്ല. ആഇശ(﵂) നിവേദനം: "നബി(ﷺ) കുളിച്ച ശേഷം (പ്രത്യേകം) വുളു നിർവഹിക്കാറുണ്ടായിരുന്നില്ല."[35]

## വെള്ളത്തിൻെറ അഭാവത്തിൽ തയമ്മും ചെയ്യൽ

### പ്രായോഗികമായ ഒരനുവാദം

വെള്ളത്തിൻെറ അഭാവത്തിൽ, കുളിക്കുന്നതിന് പകരം തയമ്മും ചെയ്യാൻ അനുവാദമുണ്ട്. അല്ലാഹു പറയുന്നു:

---

[33] *ബുഖാരി, മുസ്‌ലിം.*

[34] *മുസ്‌ലിം.*

[35] *അബൂദാവൂദ്, നസാഈ.* സ്വഹീഹാണെന്ന് അൽബാനി പ്രസ്താവിച്ചു. *(മിശ്കാത്ത്* ന.445)

وَإِن كُنتُم مَّرۡضَىٰٓ أَوۡ عَلَىٰ سَفَرٍ أَوۡ جَآءَ أَحَدٌ مِّنكُم مِّنَ ٱلۡغَآئِطِ أَوۡ لَٰمَسۡتُمُ ٱلنِّسَآءَ فَلَمۡ تَجِدُواْ مَآءً فَتَيَمَّمُواْ

صَعِيدًا طَيِّبًا فَٱمۡسَحُواْ بِوُجُوهِكُمۡ وَأَيۡدِيكُمۡ

നിങ്ങൾ രോഗികളായിരിക്കുകയോ യാത്രയിലാവുകയോ ചെയ്താൽ– അല്ലെങ്കിൽ നിങ്ങളിലൊരാൾ മലമൂത്രവിസർജ്ജനം കഴിഞ്ഞ് വരികയോ, സ്ത്രീകളുമായി സമ്പർക്കം നടത്തുകയോ ചെയ്തുവെങ്കിൽ –എന്നിട്ട് നിങ്ങൾക്ക് വെള്ളം കിട്ടിയതുമില്ലെങ്കിൽ നിങ്ങൾ ശുദ്ധിയുള്ള ഭൂമുഖം തേടിക്കൊള്ളുക. എന്നിട്ടതുകൊണ്ട് നിങ്ങളുടെ മുഖങ്ങളും കൈകളും തടവുക. (സൂറ. നിസാഅ് 43, സൂറ. മാഇദ 5-6)

അബൂ ദർറ്(ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

«إن الصعيدَ الطيب وَضوءُ المسلم، وإن لم يجدِ الماءَ عشرَ سنين. فإذا وجد الماء فليُمِسَّه بشرَه، فإن ذلك خيرٌ.»

“നിശ്ചയം, ശുദ്ധിയുള്ള മണ്ണ് ഒരു മുസ്‌ലിമിന് വുളുവിന് വേണ്ടിയുള്ളതാണ്. പത്ത് വർഷം അവന് വെള്ളം കിട്ടിയില്ലെങ്കിലും ശരി. എന്നാൽ, അവൻ വെള്ളം കണ്ടെത്തിയാൽ, അത് അവന്റെ തൊലിപ്പുറത്ത് ഉപയോഗിക്കട്ടെ. എന്തെന്നാൽ, അതാണ് അവന്ന് ഉത്തമം.”[36]

ഇംറാനുബ്നു ഹുസൈൻ(ﷺ) നിവേദനം: അദ്ദേഹം ഒരിക്കൽ പ്രവാചകനോ(ﷺ)ടൊപ്പം യാത്രയിലായിരുന്നു. ഏതോ ഒരു നമസ്കാരത്തിന് ശേഷം, ജമാഅത്തിൽ പങ്കെടുക്കാതെ മാറി യിരുന്ന ഒരാളെ നബി(ﷺ) കാണുകയുണ്ടായി. അവിടുന്ന് അയാളോട് തിരക്കി, “ഇന്നാലി ന്നവനേ, ജനങ്ങളോടൊപ്പം നമസ്കരിക്കുന്നതിൽ നിന്നും നിന്നെ തടഞ്ഞു നിർത്തി യതെന്താണ്?” അയാൾ പറഞ്ഞു, “ഞാൻ ഒരു ജനാബത്തുകാരനാണ്. എനിക്ക് വെള്ളം ലഭി ച്ചതുമില്ല.” അവിടുന്ന് പറഞ്ഞു:

«عليكَ بالصعيدِ، فإنه يكفيكَ.»

“മണ്ണ് ഉപയോഗിക്കുക. നിനക്ക് അത് പര്യാപ്തമാണ്.”[37]

### തയമ്മുമിന്റെ രൂപം

ഇരുകൈകളും തറയിലോ, പൊടി നിറഞ്ഞ പ്രതലത്തിലോ അടിച്ച് അധികമുള്ള പൊടി ഊതി ക്കളഞ്ഞ ശേഷം മുഖവും കൈപ്പടങ്ങളും തടവുക- ഇതാണ് തയമ്മുമിന്റെ രീതി.

അമ്മാർ(ﷺ) നിവേദനം: ഉമറുബ്നുൽ ഖത്വാബി(ﷺ)ന്റെയടുക്കലേക്ക് ഒരാൾ വന്നുകൊണ്ട് പറഞ്ഞു, “ഞാൻ ജനാബത്തുകാരനാണ്. എനിക്ക് (വുളുവെടുക്കാൻ) വെള്ളം ലഭിച്ചിട്ടുമില്ല.” തയമ്മുമിനുള്ള അനുവാദം നൽകാൻ ഉമർ മടിച്ചു നിൽക്കുന്നത് കണ്ട അമ്മാർ അദ്ദേഹത്തോട് പറഞ്ഞു, “ഞങ്ങൾ ഒരിക്കൽ യാത്രയിലായിരിക്കെ ജനാബത്തുണ്ടായത് താങ്കൾ ഓർക്കുന്നില്ലേ? അന്ന് ഞങ്ങൾക്ക് വെള്ളം കണ്ടെത്താനായില്ല. അത് കാരണം, താങ്കൾ നമസ്കരിച്ചില്ല. ഞാനാകട്ടെ, മൃഗത്തെ പോലെ മണ്ണിൽ കിടന്നുരുണ്ട ശേഷം നമസ്കരിച്ചു. പിന്നീട് ഈ വി വരം നബി(ﷺ)യോട് പറഞ്ഞപ്പോൾ അവിടുന്ന് എന്നോട് പറഞ്ഞു:

---

[36] *അബൂദാവൂദ്, തിർമിദി.* സ്വഹീഹാണെന്ന് അൽബാനി പ്രസ്താവിച്ചു. *(മിശ്കാത്ത്* ന.530, *സ്വഹീഹുൽ ജാമിഅ്* ന.1666, 1667)

[37] *ബുഖാരി, മുസ്‌ലിം, നസാഈ.*

«إنما كانَ يكفيكَ أن تضربَ يدَيْكَ الأرضَ،

ثم تنفُخُ، ثم تمسحُ بهما وجهَك وكفيكَ.»

“നിനക്ക് ഇരുകൈകളും തറയിൽ അടിച്ച ശേഷം (അധികമുള്ള പൊടി) ഊതിക്കളഞ്ഞ് മുഖവും കൈപ്പടങ്ങളും തടവിയാൽ മതിയായിരുന്നു.”[38]

**അന്വേഷണം അജ്ഞതക്കുള്ള പ്രതിവിധിയാണ്**

ജീവിതം എളുപ്പമാക്കുന്നതിനും അസൗകര്യങ്ങൾ കുറക്കുന്നതിനും വേണ്ടിയുള്ളതാണ് അല്ലാഹുവിൻെറ അനുവാദങ്ങൾ. ഒരു അനുവാദം സ്വീകരിക്കുന്നത് ചിലപ്പോൾ ഉപദ്രവം നീക്കുന്നതിനുള്ള ഒരു സുപ്രധാന മാർഗമായേക്കാം.

ജാബിറുബ്നു അബ്ദില്ല(ﷺ) നിവേദനം: ഒരിക്കൽ മറ്റു മുസ്ലിങ്ങളുമൊത്ത് അദ്ദേഹം ഒരു യാത്രയിലായിരുന്നു. വഴിയിൽ വെച്ച്, കൂട്ടത്തിലൊരാൾക്ക് കല്ല് തട്ടി തലയിലൊരു മുറിവായി. രാത്രിയായപ്പോൾ, സ്വപ്നസ്ഖലനം കാരണം അയാൾ ജനാബത്തുകാരനായി. (കുളിക്കാതിരിക്കാനുള്ള) വല്ല ഒഴികഴിവുമുണ്ടോ എന്ന് അയാൾ കൂടെയുള്ളവരോട് അന്വേഷിച്ചു. വെള്ളം ലഭ്യമായിട്ടുള്ളതിനാൽ, അയാൾക്ക് യാതൊരു ഒഴികഴിവുമില്ലെന്ന് അവർ പറഞ്ഞു. അവരുടെ ഉപദേശമനുസരിച്ച്, അയാൾ കുളിച്ചു. അത് കാരണം അയാൾ മരണമടയുകയും ചെയ്തു. അവർ പ്രവാചകസന്നിധിയിലെത്തിയപ്പോൾ, അദ്ദേഹത്തെ ഈ വിവരമറിയിച്ചു. അപ്പോൾ അവിടുന്ന് പറഞ്ഞു:

«قتلوهُ، قتَلَهُمُ اللهُ! ألا سألوا إذا لم يعلَمُوا؟ فإنما

شِفاءُ العِيِّ السؤالُ. إنما كان يكفيهِ أن يتيمَّمَ.»

“അവർ അയാളെ കൊന്നു. അല്ലാഹു അവരെ ശിക്ഷിക്കട്ടെ! അവർക്ക് അറിവില്ലെങ്കിൽ അന്വേഷിച്ചു കൂടായിരുന്നോ? നിശ്ചയം, അജ്ഞതക്കുള്ള പ്രതിവിധി അന്വേഷണം മാത്രമാണ്. അവൻ തയമ്മും ചെയ്തിരുന്നെങ്കിൽ, അതവന്ന് മതിയാകുമായിരുന്നു.”[39]

**തയമ്മും ചെയ്ത ശേഷം വെള്ളം ലഭിച്ചു**

തയമ്മും ചെയ്ത് നമസ്കരിച്ച ശേഷം വെള്ളം ലഭിക്കുകയാണെങ്കിൽ, നമസ്കാരത്തിൻെറ സമയം കഴിഞ്ഞിട്ടില്ലെങ്കിൽ പോലും, ആ നമസ്കാരം മടക്കി നമസ്കരിക്കേണ്ടതില്ല.

അബൂ സഈദിൽ ഖുദ്രി(ﷺ) നിവേദനം: രണ്ടാളുകൾ യാത്ര പുറപ്പെട്ടു. നമസ്കാര സമയമായപ്പോൾ, അവർക്ക് വുളുവെടുക്കാൻ വെള്ളം ലഭിച്ചില്ല. ശുദ്ധമായ പൊടി കൊണ്ട് തയമ്മും ചെയ്ത ശേഷം അവർ നമസ്കരിച്ചു. പിന്നീട്, നമസ്കാര സമയം അവസാനിക്കുന്നതിന് മുമ്പ് തന്നെ അവർ അൽപം വെള്ളം കണ്ടെത്തി. അവരിലൊരാൾ വുളുവെടുത്ത് നമസ്കരിച്ചു. മറ്റെയാൾ മടക്കി നമസ്കരിച്ചതുമില്ല. അവർ പ്രവാചക സന്നിധിയിലെത്തി, സംഭവിച്ചത് അദ്ദേഹത്തിന് വിവരിച്ചുകൊടുത്തപ്പോൾ മടക്കി നമസ്ക്കരിക്കാത്തവനോടായി

അവിടുന്ന് പറഞ്ഞു,

«أصبتَ السنَّةَ وأجزأتْكَ صلاتُكَ.»

---

[38] *ബുഖാരി, മുസ്ലിം.*

[39] അബൂദാവൂദ്. സ്വഹീഹാണെന്ന് അൽബാനി പറഞ്ഞു. (*സ്വഹീഹുൽ ജാമിഅ്* ന.4362). സമാനമായ ഒരു റിപ്പോർട്ട് ഇബ്നു അബ്ബാസിൽ നിന്നും അഹ്മദ്, അബൂദാവൂദ്, ഹാകിം എന്നിവർ ഉദ്ധരിക്കുന്നുണ്ട്. അതും സ്വഹീഹാണെന്ന് അൽബാനി പറഞ്ഞു. (*സ്വഹീഹുൽ ജാമിഅ്* ന.4363).

"നീ സുന്നത്ത് പൂർത്തീകരിച്ചു. നിൻെറ നമസ്കാരം തന്നെ നിനക്ക് പര്യാപ്തമാണ്. മറ്റെയാളോട് പറഞ്ഞു,

«لك الأجرُ مرّتين.»

"നിനക്ക് ഇരട്ടി പ്രതിഫലമുണ്ട്."[40]

### ശുദ്ധിയാകാനുള്ള എളുപ്പ മാർഗം

വുളുവില്ലാതെ അല്ലാഹുവിൻെറ നാമം ഉച്ചരിക്കുന്നത് വെറുക്കപ്പെട്ടതാണെന്ന് നാം മുമ്പ് കണ്ടു. ഇത് പരിഹരിക്കാനുള്ള എളുപ്പ മാർഗം തയമ്മുമാണ്. അതിലൂടെ ശുദ്ധിയുള്ള നിലയിൽ അവന് അല്ലാഹുവിനെ സ്മരിക്കാവുന്നതാണ്.

അബുൽ ജുഹൈമുബ്നുൽ ഹാരിഥിബ്നി സിമ്മ(ﷺ) നിവേദനം: നബി(ﷺ) ഒരിക്കൽ ബിഅ്ർ ജമലിൻെറ ഭാഗത്ത് നിന്നും (അവിടെ വിസർജ്ജനം നടത്തിയ ശേഷം) വരികയായിരുന്നു. ഒരാൾ അദ്ദേഹത്തെ കണ്ടുമുട്ടി അദ്ദേഹത്തോട് സലാം പറഞ്ഞു. പ്രവാചകൻ(ﷺ) ഒരു മതിലിനടുത്തെത്തി അതിൻെറ പ്രതലത്തിൽ നിന്നും പൊടി മണ്ണെടുത്ത് മുഖവും കൈകളും തടവിയ ശേഷം മാത്രമാണ് ആ സലാമിന് മറുപടി പറഞ്ഞത്.[41]

## കുളിയുടെ മര്യാദകൾ

### വെള്ളം മിതമായി ഉപയോഗിക്കൽ

വുളുവിനും കുളിക്കും വേണ്ടി വെള്ളം ഉപയോഗിക്കുമ്പോൾ മിതത്വം പാലിക്കണമെന്ന് നിർദേശിക്കപ്പെട്ടിട്ടുണ്ട്. അനസ്(ﷺ) നിവേദനം:
"നബി(ﷺ) ഒരു *മുദ്ദ്*[42] കൊണ്ട് വുളുവെടുക്കുകയും, ഒരു *സാഅ്*[43] മുതൽ അഞ്ച് *മുദ്ദ്* വരെ വെള്ളം കൊണ്ട് കുളിക്കുകയും ചെയ്യുമായിരുന്നു."[44]

### നഗ്നത വെളിപ്പെടുത്താതിരിക്കൽ

കുളിക്കുമ്പോൾ, മറ്റുള്ളവർക്ക് മുന്നിൽ നഗ്നത വെളിപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കണം. യഅ്ല ഇബ്നു ഉമയ്യ(ﷺ) നിവേദനം: ഒരിക്കൽ ഒരാൾ പരസ്യമായി കുളിക്കുന്നത് റസൂൽ(ﷺ) കണ്ടു. അവിടുന്ന് പള്ളിയിൽ പോയി മിമ്പറിൽ കയറി നിന്നുകൊണ്ട് അല്ലാഹുവിനെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്ത ശേഷം പറഞ്ഞു:

«إن اللهَ حييٌّ ستّيرٌ، يحبُّ الحياءَ والتستُّرَ. فإذا اغتسَلَ أحدُكم فليستتِر بشيءٍ.»

"അല്ലാഹു ലജ്ജാശീലനും മറ സ്വീകരിക്കുന്നവനുമാണ്. അവൻ ലജ്ജയെയും മറയെയും ഇഷ്ടപ്പെടുന്നു. അതിനാൽ, നിങ്ങളിലൊരാൾ കുളിക്കുകയാണെങ്കിൽ അവൻ വല്ലതും മറയായി സ്വീകരിച്ചു കൊള്ളട്ടെ."[45]

---

40 അബൂദാവൂദ്, നസാഈ. സ്വഹീഹാണെന്ന് അൽബാനി പറഞ്ഞു. (*മിശ്കാത്ത്* ന.533, 534, *സ്വഹീഹ് അബീ ദാവൂദ്* ന.327).

41 *ബുഖാരി, മുസ്ലിം.*

42 *മുദ്ദ്* : ഒരു ശരാശരി മനുഷ്യൻെറ ഉള്ളംകൈകൾ ചേർത്ത് വെച്ചാൽ അതിൽ കൊള്ളുന്ന വെള്ളത്തിൻെറ അളവ്.

43 *സാഅ്* : നാല് മുദ്ദ്.

44 *ബുഖാരി, മുസ്ലിം.*

45 അബൂദാവൂദ്, നസാഈ, അഹ്മദ്. സ്വഹീഹാണെന്ന് അൽബാനി പറഞ്ഞു. (*മിശ്കാത്ത്* ന.447).

**കെട്ടി നിൽക്കുന്ന വെള്ളത്തിൽ മൂത്രമൊഴിക്കരുത്**

വുളുവിനോ, കുളിക്കോ, മറ്റു ശുദ്ധീകരണാവശ്യങ്ങൾക്കോ വേണ്ടി സംഭരിച്ചു വെച്ച വെള്ളത്തിൽ മൂത്രമൊഴിക്കുന്നതും മറ്റു വല്ല മാലിന്യങ്ങൾ കലർത്തുന്നതും നിരോധിക്കപ്പെട്ടതാണ്. വെള്ളത്തിന്റെ പാത്രത്തിലേക്ക് കൈകൾ കടത്തുന്നതിന് മുമ്പായി നബി(ﷺ) തന്റെ കൈകൾ കഴുകാറുണ്ടായിരുന്നുവെന്ന് നാം മുകളിൽ കണ്ടതാണ്. അതു പോലെ, കുളിക്കാനുള്ള വെള്ളത്തിൽ മൂത്രമൊഴിക്കുന്നതിനെയും അവിടുന്ന് നിരോധിച്ചു.

ഒരു സ്വഹാബി(ﷺ)യിൽ നിന്നും ഹുമൈദ് അൽഹിംയരി നിവേദനം:

«نهى رسولُ اللهِ أن يمتشطَ أحدُنا كلَّ يوم أو يبولَ في مُغتَسَل.»

“ഞങ്ങളിലൊരാൾ എല്ലാ ദിവസവും മുടി ചീകുന്നതിനെയും, കുളിക്കാനുപയോഗിക്കുന്ന വെള്ളത്തിൽ മൂത്രമൊഴിക്കുന്നതിനെയും റസൂൽ(ﷺ) വിരോധിക്കുകയുണ്ടായി.”[46]

അബൂ ഹുറയ്റ(ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

«لا يبولنَّ أحدُكم في الماءِ الدائم الذي لا يجري، ثم يغتسلُ فيه.»

“നിങ്ങളിലാരും തന്നെ ഒഴുക്കില്ലാതെ കെട്ടി നിൽക്കുന്ന വെള്ളത്തിൽ മൂത്രമൊഴിക്കരുത്. പിന്നീട് അതിൽ നിന്ന് കുളിക്കുകയും ചെയ്യരുത്.”[47]

അബൂ ഹുറയ്റ(ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

«لا يغتسلُ أحدُكم في الماءِ الدائم وهوَ جُنُبٌ.»

“നിങ്ങളിലാരും തന്നെ ജനാബത്തുകാരനായിരിക്കെ കെട്ടി നിൽക്കുന്ന വെള്ളത്തിൽ നിന്നും കുളിക്കരുത്.”

അബൂഹുറയ്റയോട് ചോദിക്കപ്പെട്ടു, “അബൂഹുറയ്റാ, അപ്പോൾ അങ്ങനെയുള്ളവൻ എന്തു ചെയ്യണം?” അദ്ദേഹം പറഞ്ഞു, “അവൻ അതിൽ നിന്നും കോരിയെടുക്കണം” [48]

**ഇണകൾക്ക് ഒരേ വെള്ളം പകുവെയ്ക്കാം**

ദമ്പതികൾ ഒരുമിച്ച് കുളിക്കുന്നതും, തദാവശ്യാർഥം ഒരേ വെള്ളം പകു വെയ്ക്കുന്നതും അനുവദനീയമാണ്. മുആദ(ﷺ) നിവേദനം: ആഇശ(ﷺ) പറയുന്നതായി ഞാൻ കേട്ടു:
“ഞാൻ റസൂലിനോടൊപ്പം -ഞങ്ങളിരുവരും ജനാബത്തുകാരായിരിക്കെ- കുളിച്ചിട്ടുണ്ട്. ഞങ്ങൾ ഒരേ പാത്രത്തിൽ നിന്നാണ് കുളിച്ചിരുന്നത്. അദ്ദേഹം എന്നേക്കാൾ വേഗത്തിൽ വെള്ളമെടുക്കുമായിരുന്നു. അത് കാരണം ഞാൻ പറയും, ‘എനിക്കൽപം ബാക്കിവെക്കൂ, എനിക്കൽപം ബാക്കിവെക്കൂ’ എന്ന്.”[49]

**മറ്റുള്ളവർ ബാക്കിവെച്ച വെള്ളം കുളിക്കുന്നതിനായി ഉപയോഗിക്കാതിരിക്കൽ**

ഇണകളിലൊരാൾ കുളിക്കുന്നതിനായി ഒരു പാത്രം ഉപയോഗിച്ചിട്ടുണ്ടെങ്കിൽ, അതിൽ ബാക്കിയുള്ള വെള്ളം മറ്റേയാൾ കുളിക്കാനായി ഉപയോഗിക്കുന്നത് പ്രോൽസാഹനീയമല്ല.

---

[46] അബൂദാവൂദ്, നസാഈ. സ്വഹീഹാണെന്ന് അൽബാനി പറഞ്ഞു. (*മിശ്കാത്ത്* ന.472, 473).

[47] *ബുഖാരി, മുസ്ലിം.*

[48] *മുസ്ലിം.*

[49] *ബുഖാരി, മുസ്ലിം.*

ഹുമൈദ് അൽഹിംയരി നിവേദനം: നാലു വർഷം പ്രവാചക(ﷺ)നോടൊപ്പം സഹവസിച്ച ഒരാളെ[50] അദ്ദേഹം കണ്ടുമുട്ടി. ആ സ്വഹാബി അദ്ദേഹത്തോട് പറഞ്ഞു:

"نهى رسولُ اللهِ أن تغتسِلَ المرأةُ بفضلِ الرجل، أو يغتسِلَ الرجلُ بفضلِ المرأةِ، وليغترِفا جميعاً."

"ഒരു പുരുഷൻ ഉപയോഗിച്ചതിൻെറ ബാക്കി വെള്ളം കുളിക്കാനായി സ്ത്രീ ഉപയോഗിക്കുന്നതിനെയും, ഒരു സ്ത്രീ ഉപയോഗിച്ചതിൻെറ ബാക്കി വെള്ളം കുളിക്കാനായി പുരുഷൻ ഉപയോഗിക്കുന്നതിനെയും റസൂൽ(ﷺ) വിലക്കി."[51]

ഈ വിലക്ക് നിഷിദ്ധത്തിൻെറ പരിധിയിലെത്തുന്നതല്ല. വെള്ളത്തിന് മാറ്റം സംഭവിക്കുകയോ അഴുക്ക് കലരുകയോ ചെയ്തിട്ടില്ലെങ്കിൽ, അത് ഉപയോഗിക്കാവുന്നതാണ്.

ഇബ്നു അബ്ബാസ്(റ) നിവേദനം: പ്രവാചകപത്നിമാരിൽ ഒരാൾ ഒരു പാത്രത്തിൽ നിന്നും കുളിച്ചു. പിന്നീട്, ആ വെള്ളത്തിൽ നിന്നും നബി(ﷺ) വുളുവെടുക്കാൻ തുനിഞ്ഞപ്പോൾ അവർ അദ്ദേഹത്തോട് പറഞ്ഞു, "തിരുദൂതരേ, (ആ വെള്ളം ഉപയോഗിച്ചപ്പോൾ) ഞാനൊരു ജനാബത്തുകാരിയായിരുന്നു." അവിടുന്ന് പറഞ്ഞു,

إنّ الماءَ لا يُجنِبُ.

"(അത് കാരണം) വെള്ളം ജനാബത്താവുകയില്ല."[52]

മൈമൂന(റ)യിൽ നിന്നുള്ള മറ്റൊരു റിപ്പോർട്ടിൽ, ഉപരിസൂചിത റിപ്പോർട്ടിൽ തൻെറ അനന്തിരവൻ പരാമർശിച്ച ആ പത്നി താനായിരുന്നുവെന്ന് സൂചിപ്പിക്കുന്നുണ്ട്.[53]

## ശുക്ലത്തിൽ നിന്നും ശുക്ലപൂർവ്വ ദ്രാവകത്തിൽ നിന്നുമുള്ള ശുചീകരണം

### ശുക്ലപൂർവ്വ ദ്രാവകത്തിൽ നിന്നുള്ള ശുചീകരണം

ശുക്ലത്തിന് മുന്നോടിയായി വരുന്ന ദ്രാവകം (*മദിയ്യ്*) മൂലം ത്വഹാറക്ക് കോട്ടം വരും. എന്നാൽ വുളുവെടുക്കുന്നത് മൂലം അത് ശുദ്ധിയാകും.

അലി ഇബ്നു അബീ ത്വാലിബ് (റ) നിവേദനം: ഒരിക്കൽ മദിയ്യിനെ കുറിച്ച് അദ്ദേഹം റസൂലി(ﷺ)നോട് ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു:

«من المذيِّ الوُضوءُ ومن المنيِّ الغُسْلُ.»

"*മദിയ്യിന്* വുളു മതി. എന്നാൽ, *മനിയ്യി*(ശുക്ലം)ന് കുളി ആവശ്യമാണ്."

അലിയ്യിൽ നിന്നു തന്നെ മുമ്പുദ്ധരിച്ച ഒരു ഹദീഥിൽ നബി(ﷺ) പറയുന്നു:

«إذا رأيتَ المَذيَ فاغسِلْ ذكرَك وتوضّأْ وُضوءَك للصلاةِ.»

---

50 ഇത് ഹകം ഇബ്നു അംറ് എന്ന സ്വഹാബി ആണെന്നാണ് ബുഖാരിയുടെ അഭിപ്രായം. (*അൽ മിശ്കാത്ത്* വാ. 1, പേ 147)

51 അബൂദാവൂദ്, നസാഈ. സ്വഹീഹാണെന്ന് അൽബാനി പറഞ്ഞു. (*മിശ്കാത്ത്* ന.472, 473).

52 അബൂദാവൂദ്, തിർമിദി. സ്വഹീഹാണെന്ന് അൽബാനി പറഞ്ഞു. (*മിശ്കാത്ത്* ന.457, *സ്വഹീഹുൽ ജാമിഅ്* ന. 1927).

53 അഹ്മദ്. സ്വഹീഹാണെന്ന് അൽബാനി പറഞ്ഞു. (*സ്വഹീഹുൽ ജാമിഅ്* ന. 1926).

“നീ മദിയ്യ് കണ്ടാൽ, നിൻെറ ജനനേന്ദ്രിയം കഴുകുകയും, നമസ്കാരത്തിനെന്ന പോലെ വുളുവെടുക്കുകയും ചെയ്യുക.”[54]

മദിയ്യ് ഒരാളുടെ വസ്ത്രത്തിലായാൽ, അയാൾ അത് കഴുകുകയോ അത് സ്പർശിച്ച സ്ഥലത്ത് വെള്ളം കുടയുകയോ ചെയ്യേണ്ടതാണ്.

സഹ്ൽ ഇബ്നു ഹുനൈഫ് നിവേദനം: അമിതമായി മദിയ്യ് സ്രവിക്കുന്നതിനാൽ, അദ്ദേഹത്തിന് പ്രയാസവും അസ്വസ്ഥതയും നേരിടുമായിരുന്നു. അതു കാരണം, അദ്ദേഹം നിരന്തരം കുളിക്കും. അദ്ദേഹം നബി(ﷺ)യോട് ഇത് സൂചിപ്പിച്ചുകൊണ്ട് ഉപദേശം തേടി. നബി(ﷺ) പറഞ്ഞു:

«إنما يُجزئُكَ من ذلكَ الوُضوءُ.»

“അതിന് നിനക്ക് വുളു തന്നെ മതിയാകുന്നതാണ്.”
അദ്ദേഹം ചോദിച്ചു: “അതിൽ നിന്നും വല്ലതും എൻെറ വസ്ത്രത്തിലായാൽ എന്തു ചെയ്യണം?” നബി(ﷺ) പറഞ്ഞു:

«يكفيكَ أن تأخذَ كفاً من ماءٍ، فتنضَحَ به ثوبَكَ حيثُ ترى أنه أصابَ منه.»

“നിൻെറ വസ്ത്രത്തിൽ അത് സ്പർശിച്ചു എന്ന് തോന്നുന്ന ഭാഗത്ത് ഒരു കൈയിൽ വെള്ളമെടുത്ത് കുടയുക.”[55]

### ശുക്ലത്തിൽ നിന്നുള്ള ശുചീകരണം

ശുക്ലസ്ഖലനമുണ്ടായാൽ അശുദ്ധിയാകുമെന്നും, അവൻ കുളിച്ച് ശുദ്ധിയാകേണ്ടതുണ്ടെന്നും നാം നേരത്തെ കണ്ടു. എന്നാൽ, ശുക്ലം സ്വയം നജസല്ല. അത് ഒരാളുടെ വസ്ത്രത്തിൽ ഉണങ്ങിപ്പോകുകയാണെങ്കിൽ, അത് മായ്ച്ചു കളയുകയോ ചുരണ്ടിക്കളയുകയോ ചെയ്താൽ മതി.

ഹമ്മാമിബ്നു ഹാരിഥ് നിവേദനം: ഒരിക്കൽ ആഇശ(ﷺ)യുടെ വീട്ടിൽ ഒരതിഥി താമസിച്ചു. അയാൾക്ക് ഒരു മഞ്ഞ പുതപ്പ് നൽകാൻ അവർ തൻെറ ഭൃത്യരോട് കൽപിച്ചു. അയാൾ ഉറങ്ങിയപ്പോൾ അയാൾക്ക് സ്വപ്ന സ്ഖലനമുണ്ടായി. ശുക്ലത്തിൻെറ പാടുകളോടെ ആ പുതപ്പ് തിരിച്ചു കൊടുക്കാൻ അയാൾക്ക് മടി തോന്നി. അതിനാൽ, തിരിച്ചു കൊടുക്കുന്നതിന് മുമ്പായി അയാൾ അത് വെള്ളത്തിൽ മുക്കിയെടുത്തു. ആഇശ(ﷺ) ഇത് കണ്ടു. കാര്യം മനസിലായപ്പോൾ അവർ അയാളോട് പറഞ്ഞു:
“എന്തിനാണയാൾ നമ്മുടെ പുതപ്പ് കേട് വരുത്തിയത്? അയാൾക്ക് അത് (ശുക്ലത്തിൻെറ പാട്) കൈകൾ കൊണ്ട് ചുരണ്ടിയാൽ മതിയായിരുന്നു. റസൂലി(ﷺ)ൻെറ വസ്ത്രത്തിലുള്ള ശുക്ലത്തിൻെറ പാട് ഞാൻ ചിലപ്പോൾ കൈകൾ കൊണ്ട് ചുരണ്ടുമായിരുന്നു.”[56]

ആഇശ(ﷺ) നിവേദനം:
“റസൂലി(ﷺ)ൻെറ വസ്ത്രത്തിലുള്ള ശുക്ലത്തിൻെറ പാട് ഞാൻ ചുരണ്ടുമായിരുന്നു. ശേഷം അവിടുന്ന് അതോടെ തന്നെ നമസ്കരിക്കും.”[57]

ഇതിന് വിപരീതമായി, ഒരിക്കൽ റസൂലി(ﷺ)ൻെറ വസ്ത്രത്തിൽ നിന്നും ശുക്ലം കഴുകി വൃത്തിയാക്കിയതായി ആഇശ(ﷺ) തന്നെ റിപ്പോർട്ട് ചെയ്യുന്നുണ്ട്.[58]

---

[54] ബുഖാരി, മുസ്ലിം, അബൂദാവൂദ് എന്നിവരുടെ റിപ്പോർട്ടുകൾ സംയോജിപ്പിച്ചത്. (*ഇർവാഉൽ ഗലീൽ* ന. 108,125 കാണുക)

[55] തിർമിദി, ഇബ്നുമാജ. ഹസൻ ആണെന്ന് അൽബാനി പ്രസ്താവിച്ചു. (*സ്വഹീഹുത്തിർമിദി* ന. 100).

[56] *മുസ്ലിം, തിർമിദി, ഇബ്നുമാജ.*

[57] *മുസ്ലിം.*

**എന്നാൽ, രണ്ടാമതുള്ള ഈ റിപ്പോർട്ടിനെ കുറിച്ച് തിർമിദി പറഞ്ഞു:**
**“ചുരണ്ടിക്കളഞ്ഞുവെന്ന ഹദീഥിന് ഇത് എതിരാവുകയില്ല. ചുരണ്ടൽ തന്നെ മതിയെങ്കിലും, വസ്ത്രത്തിൽ നിന്നും അടയാളം പൂർണമായി ഒഴിവാക്കുന്നതിന് കഴുകിക്കളയൽ പ്രോൽസാഹനീയമാണ്. ഇബ്നു അബ്ബാസ് പറഞ്ഞു, ‘ശുക്ലം മൂക്കിലെ അഴുക്ക് പോലെയാണ്. *ഇഥ്കിർ* (സുഗന്ധമുള്ള ഒരു തരം ചെടി) ഉപയോഗിച്ചു കൊണ്ടെങ്കിലും അത് തുടച്ചു കളയുക’.”[59]**

---

58 *ബുഖാരി, മുസ്‌ലിം,*

59 *സ്വഹീഹുത്തിർമിദി ന.* 102